## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **11-10-2024 - ൽ മറുപടിയ്ക്ക്**

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | **ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നിങ്ങനെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ ധനസഹായ പദ്ധതിയായി നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതിയായ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി ഭവന പുനരുദ്ധാരണ പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ഉള്ളടക്കം ചെയ്യുന്നു.**<br><br>**കേരള സംസ്ഥാന ധനകാര്യ വികസന കോർപ്പറേഷൻ മുഖേന** സ്വയംതൊഴിൽ വായ്പ , ബിസിനസ്സ് വിപുലീകരണ വായ്പ, വിദ്യാഭ്യാസ വായ്പ ,പാരന്റ് പ്ലസ് വായ്പ, പ്രവാസി സ്വയംതൊഴിൽ വായ്പ, വിസ വായ്പ, ഭവന വായ്പ, അംഗീകൃത സർക്കാർ/ പൊതുമേഖലാ/ സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ, വിവാഹ വായ്പ, ചികിത്സാ വായ്പ, മൈക്രോ ഫിനാൻസ് എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മദ്രസ്സ അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ വേണ്ടി പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം , ഭവന പദ്ധതി , ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര** |

| | | | |
|---|---|---|---|
| | | | **സഹായം, മരണാനന്തര ശുശ്രൂഷകൾക്കുള്ള സഹായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.** |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ ഏതെങ്കിലും ന്യൂനപക്ഷ ക്ഷേമ പദ്ധതികളുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പുതിയതായി ആരംഭിച്ച പദ്ധതികളുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച NTSE പരിശീലന പദ്ധതിയും, പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി സ്കോളർഷിപ്പും ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ നിർത്തലാക്കിയിട്ടുണ്ട്.<br><br>താഴെ പറയുന്ന പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.<br><br>1.വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്<br><br>2.യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ്<br><br>3.എൻ.റ്റി.എസ്.ഇ കോച്ചിംഗ്<br><br>4.പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി<br><br>5.ഐഐടി/ഐഐഎം/ഐഐഎസ്‌സി, ഐഎംഎസ്‌സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br><br>6.ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ്, **KITTS, KASE, ODEPEC** മുഖേന നൈപുണ്യ പരിശീലന പരിപാടി<br><br>7.മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതി<br><br>**8.ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. വിവാഹ വായ്പ, ചികിത്സാ വായ്പ, കോവിഡ് വായ്പ എന്നീ പദ്ധതികൾ ഉൾക്കൊള്ളിച്ച് പുതുതായി സുമിത്രം് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിൽ കോവിഡ് വായ്പ പദ്ധതി നിർത്തലാക്കിയിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ ഒരു പദ്ധതിയും നിർത്തലാക്കിയിട്ടില്ല.** |
| (സി) | വിവിധ ധനസഹായ പദ്ധതികളിൽ ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ചത് എന്നാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ | (സി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | പദ്ധതിയിലും എത്ര തുകയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | | പദ്ധതിയിൽ ഉണ്ടായ വർദ്ധനവ് അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതികളിൽ താഴെ പറയും പ്രകാരം തുക വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br><br>പാരന്റ് പ്ലസ് വായ്പ 15 ലക്ഷത്തിൽ നിന്നും 20 ലക്ഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>വിസ വായ്പ 3 ലക്ഷത്തിൽ നിന്നും 10 ലക്ഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ഭവന വായ്പ 6 ലക്ഷത്തിൽ നിന്നും 10 ലക്ഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ വിവാഹ ധനസഹായമായി 2020 വരെ 10,000/-രൂപ ആയിരുന്നു നൽകിയത്. 2020-ന് ശേഷം വിവാഹധനസഹായമായി 25,000/-രൂപ നൽകി വരുന്നുണ്ട്. |
| (ഡി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ധനസഹായ പദ്ധതികളിൽ കുടിശിക വിതരണം ചെയ്യാനുണ്ടോ; ഓരോ പദ്ധതിയിലും എന്ന് വരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേനയുള്ള ഓരോ പദ്ധതിയിലും 2023-24 വർഷം വരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യാനില്ല.<br><br>കേരള സംസ്ഥാന ധനകാര്യ വികസന കോർപ്പറേഷൻ നൽകി വരുന്ന വായ്പ പദ്ധതികളിലുള്ള കുടിശ്ശിക തനത് വർഷം അനുവദിച്ച തുകയിൽ നിന്നും നൽകി വരുന്നുണ്ട്. എല്ലാ പദ്ധതിയിലും ഇതുവരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാറുണ്ട്.<br><br>കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ധനസഹായ പദ്ധതികളിൽ വിവാഹ ധനസഹായം ഒഴികെയുള്ള എല്ലാ പദ്ധതികളും കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്. . |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## കേരള സർക്കാർ ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ

1) പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
2) സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം
3) വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്
4) സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ITC- ഫീ റീ- ഇംബേഴ്സ് മെന്റ് സ്കീം
5) സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്
6) ഐഐടി/ഐഐഎം/ഐഐഎസ്‌സി, ഐഎംഎസ്‌സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
7) എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്
8) മദർ തെരേസ സ്കോളർഷിപ്പ്
9) മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതി
10) സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
11) ഇബ്രാഹിം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്

### .തൊഴിൽ നൈപുണി പരിശീലന പദ്ധതികൾ

- ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ്, **KITTS, KASE, ODEPEC** മുഖേന നൈപുണ്യ പരിശീലന പരിപാടി
- യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്
- ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾ (പത്താംതരവും, പ്ലസ് ടുവും) ക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി
- ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള വിവാഹ പൂർവ്വ കൗൺസലിംഗ് – (Pathway Social Life Wellness Programme)
- ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

### മത്സരപരീക്ഷ പരിശീലന പദ്ധതി

2. **ഇത് കൂടാതെ വകുപ്പിന്കിഴിൽ പ്രവർത്തിക്കുന്ന യുവജന പരിശീലനകേന്ദ്രങ്ങൾ വഴി , PSC / UPSC /Railway/ Bank തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പരിശീലന പദ്ധതി**

### അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

- നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി
- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി

### കേന്ദ്രാവിഷ്കൃത പദ്ധതി

- ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)/ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ)

**അനുബന്ധം 2**

## സർക്കാർ അധികാരത്തിൽ വന്നശേഷം സ്കോളർഷിപ്പ് പദ്ധതിയിൽ ഉണ്ടായ വർദ്ധനവ് സംബന്ധിച്ച പട്ടിക

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | ബഡ്ജറ്റ് വിഹിതം (2020-21) | ബഡ്ജറ്റ് വിഹിതം (2021-22) | അധികമായി അനുവദിച്ചത് (2021-22) | ബഡ്ജറ്റ് വിഹിതം (2022-23) | അധികമായി അനുവദിച്ചത് (2022-23) | ബഡ്ജറ്റ് വിഹിതം (2023-24) | അധികമായി അനുവദിച്ചത് (2023-24) | ബഡ്ജറ്റ് വിഹിതം (2024-25) | അധികമായി അനുവദിച്ചത് (2024-25) |
|---|---|---|---|---|---|---|---|---|---|---|
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 60 | 82 | 22 | 82 | 0 | 82 | 0 | 82 | 0 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh/Renewal) | 800 | 1085 | 285 | 800 | 0 | 800 | 0 | 800 | 0 |
| 3 | ഐ.റ്റി.ഐ – ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | 296 | 402 | 106 | 402 | 0 | 482 | 80 | 582 | 100 |
| 4 | സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് | 45 | 62 | 17 | 62 | 0 | 97 | 35 | 97 | 35 |
| 5 | മദർതെരേസ സ്കോളർഷിപ്പ് | 50 | 68 | 18 | 68 | 0 | 68 | 0 | 68 | 0 |
| 6 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 330 | 652 | 322 | 652 | 0 | 652 | 0 | 714 | 62 |

സെക്ഷൻ ഓഫീസർ